II ഇ.ബി. XV- കേരള നിയമസഭ/XIV-1

**പതിനഞ്ചാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2025 സെപ്റ്റംബർ 16, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

1 (*1) സർക്കാർ ആശുപത്രികളിൽ രോഗികൾ ചികിത്സാ ഉപകരണങ്ങൾ വാങ്ങി നൽകേണ്ടതായ സാഹചര്യം പരിഹരിക്കാൻ നടപടി

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടിയിൽ, കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി ഉൾപ്പെടെ വിവിധ പദ്ധതി മാനദണ്ഡപ്രകാരമുള്ള സൗജന്യ ചികിത്സ അർഹരായ രോഗികൾക്ക് ഉറപ്പുവരുത്തുന്നുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

7708 കോടി രൂപ ഇതിനായി അനുവദിച്ചിട്ടുണ്ടെന്നും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാത്രമായി കാസ്പ് മുഖാന്തരം 373.36 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകുകയും 81.82 കോടി രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 2024-ൽ 6.5 ലക്ഷം പേർ സൗജന്യ ചികിത്സ തേടിയിട്ടുണ്ട്. സൗജന്യ ചികിത്സാ പദ്ധതിയിലുൾപ്പെട്ട രോഗികൾ സ്വന്തംനിലയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നത് സർക്കാർ മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമല്ലെന്നും അവ സൗജന്യമായി ലഭിക്കുന്നുവെന്ന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണെന്നും മന്ത്രി വ്യക്തമാക്കി. ഇടുക്കി ഒഴികെ 13 ജില്ലകളിലും കാത്ത് ലാബുകൾ ആരംഭിച്ചിട്ടുണ്ടെന്നും ജില്ലാ-താലൂക്ക് തലങ്ങളിലായി 112 ആശുപത്രികളിൽ ഡയാലിസിസ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞുവെന്നും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

2(*2) <u>കെ-ഫോൺ പദ്ധതി</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും മിതമായ നിരക്കിൽ മെച്ചപ്പെട്ട ഇന്റർനെറ്റ് സേവനം ഉറപ്പുവരുത്തുന്ന കെ-ഫോൺ പദ്ധതിപ്രകാരം കുറഞ്ഞ കാലയളവിൽ 23355 സർക്കാർ ഓഫീസുകൾക്കുൾപ്പെടെ ഒരു ലക്ഷം കണക്ഷനും രാജ്യത്തെവിടെയും ഇന്റർനെറ്റ് കണക്ഷൻ നൽകാനുള്ള ലൈസൻസും എന്ന അഭിമാനനേട്ടം കൈവരിച്ചിട്ടുണ്ടെന്നും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷനുകൾ നൽകിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഇൻഫ്രാസ്ട്രക്ചറുമായി ബന്ധിപ്പിച്ചാണ് കെ-ഫോൺ ശൃംഖല സ്ഥാപിച്ചിട്ടുള്ളതെന്നും സംസ്ഥാന വ്യാപകമായി കോർ നെറ്റ്‌വർക്ക് ശൃംഖലയും ജില്ലാടിസ്ഥാനത്തിൽ അഗ്രിഗേഷൻ, പ്രീ-അഗ്രിഗേഷൻ, സ്പർ എന്നീ ശൃംഖലകളുമാണ് ഉപയോഗിച്ചുവരുന്നതെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. കണക്ഷൻ ലഭ്യമായ സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ തടസമോ വേഗതക്കുറവോ നേരിടാത്തപക്ഷം കെ-ഫോൺ പ്രാഥമിക കണക്ഷനായി ഉപയോഗിക്കാനും

മറ്റ് ഇന്റർനെറ്റ് കണക്ഷനുകൾ വിച്ഛേദിക്കാനും നിർദേശം നൽകിയിട്ടുണ്ട്. 199 സ്വകാര്യ സ്ഥാപനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ടെന്നും പൊതുജനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകുന്നതിന് 'എന്റെKFON' (enteKFON) മൊബൈൽ ആപ്ലിക്കേഷനും 'www.kfon.in' വെബ്സൈറ്റും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

3(*3) <u>വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് ഏറ്റെടുത്ത ഭൂമിയിൽ ടൗൺഷിപ്പ് നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണെന്നും 2026 ജനുവരി മാസത്തിനകം വീടുകൾ കൈമാറുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും സഭയെ അറിയിച്ചു. ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റി വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നുണ്ടെന്നും പുനരധിവാസ ലിസ്റ്റിലുൾപ്പെട്ട ഗുണഭോക്താക്കളിൽ 295 പേർ വീട് ലഭിക്കുന്നതിന് സമ്മതപത്രം സമർപ്പിച്ചിട്ടുണ്ടെന്നും ടൗൺഷിപ്പിന് പുറത്ത് താമസിക്കുന്നതിന് സമ്മതപത്രം സമർപ്പിച്ച 104 ഗുണഭോക്താക്കൾക്ക് 15

ലക്ഷം രൂപ വീതം വിതരണം ചെയ്തിട്ടുണ്ടെന്നും അന്തിമ ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചതിനുശേഷം ലഭ്യമായ അപ്പീൽ അപേക്ഷകളിൽനിന്നും 49 ഗുണഭോക്താക്കളെക്കൂടി പുനരധിവാസ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കി. മേപ്പാടി പഞ്ചായത്തിലെ സെയ്ഫ് സോണിലേയ്ക്ക് റോഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

4 (*4) <u>നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി</u>

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും അവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം വിലയിരുത്തുന്നതിന് ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല കമ്മിറ്റിയും അവശ്യവസ്തുക്കളുടെ വില നിരീക്ഷിക്കുന്നതിനും വില ശേഖരണത്തിനുമായി Price monitoring Cell-ഉം പ്രവർത്തിക്കുന്നുണ്ട്.

വിപണി ഇടപെടലുമായി ബന്ധപ്പെട്ട നയ രൂപീകരണത്തിന് ശിപാർശകൾ നൽകിവരുന്നുണ്ട്. ഓണത്തോടനുബന്ധിച്ച് റേഷൻ കടകൾ വഴി 149407 മെട്രിക് ടൺ അരി വിതരണം ചെയ്യുകയും നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഫെയറുകൾ സംഘടിപ്പിക്കുകയും 13 ഇന സബ്സിഡി സാധനങ്ങൾക്ക് പുറമെ കൂടുതൽ അരി സപ്ലൈകോ വഴി വിതരണം ചെയ്യുകയും സബ്സിഡിയിതര ഉൽപ്പന്നങ്ങൾക്ക് വിലക്കുറവ്, കോമ്പോ ഓഫറുകൾ, ഹാപ്പി അവേഴ്സ് തുടങ്ങി നിരവധി പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള വെളിച്ചെണ്ണ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ശബരി ബ്രാൻഡ് വെളിച്ചെണ്ണ വിലകുറച്ച് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഉത്സവ വേളകളിൽ ഭക്ഷ്യധാന്യ ലഭ്യത ഉറപ്പുവരുത്തുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനുമായി മുൻഗണനേതര വിഭാഗത്തിന് ഉൾപ്പെടെ പ്രത്യേക വിഹിതം വിതരണം ചെയ്തുവരുന്നുണ്ട്. AAY കാർഡ് ഉടമകൾ, അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ സൗജന്യ ഓണക്കിറ്റ് വിതരണത്തിന് 43 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സപ്ലൈകോയിൽ ഓണക്കാലത്ത് 386 കോടിയോളം

രൂപയുടെ വിറ്റുവരവുണ്ടായിട്ടുണ്ടെന്നും സഞ്ചരിക്കുന്ന കെ-സ്റ്റോർ പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

5 (*5) ശസ്ത്രക്രിയയ്ക്കിടെ ഗൈഡ്‌വയർ കുടുങ്ങിയ സംഭവം

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടിയിൽ, തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ തൈറോയ്ഡ് ഗ്രന്ഥി നീക്കം ചെയ്യാനുള്ള ശസ്ത്രക്രിയയ്ക്കിടെ യുവതിയുടെ നെഞ്ചിൽ ഗൈഡ്‌വയർ കുടുങ്ങിയ സംഭവം ഗൗരവതരമായാണ് കാണുന്നതെന്നും സംഭവത്തിന്മേൽ അന്വേഷണം നടത്തുന്നതിനായി ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലെ വിദഗ്ധ ഡോക്ടർമാരെക്കൂടി ഉൾപ്പെടുത്തി വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. യുവതിയുടെ പക്കലുള്ള രേഖകൾ വിദഗ്ധ സമിതി പരിശോധിക്കുകയും പരാതിക്കാരിയുടെയും ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട ജീവനക്കാരുടെയും മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലെ ഓപ്പറേഷൻ തീയറ്ററുകളുമായി ബന്ധപ്പെട്ട്

Surgical Error തടയുന്നതിന് മാർഗരേഖ തയ്യാറാക്കുകയും WHO നിഷ്കർഷിക്കുന്ന പ്രോട്ടോകോൾ പാലിക്കാൻ നിർദ്ദേശം നൽകുകയും തീയറ്റർ സ്റ്റാഫിന് ട്രെയിനിങ്ങും ഓറിയന്റേഷൻ ക്ലാസുകളും നൽകുകയും ചെയ്യുന്നുണ്ട്. ശസ്ത്രക്രിയക്ക് വിധേയരാകുന്ന രോഗികളുടെ തത്സ്ഥിതി വിവരങ്ങൾ യഥാസമയം ബന്ധുക്കളെ അറിയിക്കാൻ ഫാക്കൽറ്റി മെമ്പർ, നഴ്സിങ് ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തുകയും ആശയവിനിമയത്തിനാവശ്യമായ പരിശീലനം നൽകുകയും ഇതിനായി ഓപ്പറേഷൻ തീയേറ്ററുകളിൽ സൗകര്യമൊരുക്കുകയും ചെയ്തിട്ടുണ്ട്.